# KERALA STATE ELECTRICITY BOARD LIMITED

*(Incorporated under the Companies Act, 1956)*
*Reg. Office: Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004*
CIN:U40100KL2011SGC027424 *Website:* www.kseb.in
Office of the Director (Distribution, IT & HRM)
Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004, Kerala
*Phone: +91 471 2514685, 2514331, Fax: 0471 2447228 E-mail:ddkseb@kseb.in*


D(D, IT &HRM)/COVID 19/2019-20/30 2.07.2021

## പരിപത്രം

വിഷയം :- കോവിഡ് 19 - ഓഫീസ് പ്രവർത്തനം ക്രമീകരിക്കുന്നതിനുള്ള തുടർ നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന :-1. 07 .05 .2021 ലെ പരിപത്രം നമ്പർ D (D,IT & HRM) / COVID 19/ 2019 - 2020/28
2. 27 .05 .2021 ലെ പരിപത്രം നമ്പർ D (D, IT & HRM)/ COVID 19/ 2019 - 2020/29
3. 15 .06 .2021 ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Rt)No.467/2021/DMD
4. 22.06 .2021 ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Rt)No.479/2021/DMD
5. 29.06 .2021 ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Rt)No.487/2021/DMD

കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി ഗവൺമെന്റ് ഏർപ്പെടുത്തിയ ലോക്ക്ഡൗൺ നിർദേശങ്ങൾക്കനുസൃതമായി ഓഫീസുകളുടെ പ്രവർത്തനത്തിൽ ചില നിയന്ത്രണങ്ങൾ സൂചന പരിപത്രങ്ങൾ പ്രകാരം ഏർപ്പെടുത്തിയിരുന്നു.ലോക്ക്ഡൗൺ നിയന്ത്രണങ്ങളിൽ സർക്കാർ വരുത്തുന്ന മാറ്റങ്ങൾക്ക് അനുസൃതമായി ഓഫീസ് പ്രവർത്തന ക്രമീകരണങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തുകയുണ്ടായി.

സൂചന (3)ലെ ഗവണ്മെന്റ് ഉത്തരവു പ്രകാരം അതാതു പ്രദേശത്തെ പ്രതിവാര ടെസ്റ്റ് പോസിറ്റി വിറ്റി നിരക്കിന്റെ ശരാശരിക്കനുസൃതമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ A,B,C,D എന്നീ കാറ്റഗറികളിലായി തരംതിരിച്ച ഇളവുകൾ നിർദേശിക്കുകയുണ്ടായിട്ടുണ്ട്.കോവിഡ് വ്യാപനത്തിന്റെ തോത് അനുസരിച്ച കാറ്റഗറി തിരിക്കുന്നതിനുള്ള പ്രതിവാര ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് സർക്കാർ സമയാസമയങ്ങളിൽ പുതുക്കി നിശ്ചയിച്ച കൊണ്ടുള്ള ഉത്തര വുകൾ പുറപ്പെടുവിച്ച വരുന്നുണ്ട്.

മേൽ ഉത്തരവ് അനുസരിച്ച KSEBL ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. A,B,C കാറ്റഗറിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന എല്ലാ ഓഫീസുകളും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച കൊണ്ടു പൂർണ്ണ തോതിൽ പ്രവർത്തിക്കേണ്ടതാണ്. ടി പ്രദേശത്തെ ഓഫിസുകളിലെ എല്ലാ ജീവനക്കാരും എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഓഫീസിൽ ഹാജരാകേണ്ടതാണ്.

2. കാറ്റഗറി D യിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളുടെ പ്രവർത്തനം സൂചന (1),(2) ഉത്തരവുകൾ അനുസരിച്ച് നിലവിലുള്ള രീതിയിൽ തന്നെ തുടരേണ്ടതാണ്.

3. എല്ലാ കാറ്റഗറിയിലെയും പ്രദേശങ്ങളിലുള്ള സെക്ഷൻ ഓഫീസുകളിലും ഔട്ട് സെന്ററുകളുടെ പ്രവർത്തനം തുടരേണ്ടതാണ്.

4. അവയവമാറ്റ ശസ്ത്രക്രിയക്ക് വിധേയരായവർ, കാൻസർ രോഗ ചികിത്സയിൽ കഴിയുന്നവർ, ഡയാലിസിസിനു വിധേയരായവർ, ഒരു വയസ്സിൽ താഴെ പ്രായമുള്ള കുഞ്ഞുങ്ങളുള്ള മുലയൂട്ടുന്ന അമ്മമാർ, ഗർഭിണികൾ, അന്ധർ, പരസഹായമില്ലാതെ ഓഫീസിൽ എത്തിച്ചേരാൻ കഴിയാത്ത അംഗപരിമിതർ എന്നിവർക്ക് ഓഫീസുകളുടെ പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിൽ ഓഫീസ് മേധാവിക്കു Work from home അനുവദിക്കാവുന്നതാണ്.

5. A,B,C കാറ്റഗറിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളിൽ D കാറ്റഗറി പ്രദേശങ്ങളിൽ നിന്നും വരുന്ന ജീവനക്കാർക്ക് ഓഫീസിൽ വരുന്നതിൽ നിന്നും ഇളവ് നൽകുന്നതു സംബന്ധിച്ച് അതാതു ഓഫീസ് മേധാവികൾക്കു തീരുമാനിക്കാവുന്നതാണ്.

6. ഓഫീസ് സ്ഥിതി ചെയ്യുന്ന/പരിധിയിൽ ഉൾപ്പെടുന്ന പ്രദേശത്തിന്റെ കാറ്റഗറി മാറുന്ന സാഹചര്യത്തിൽ പുതിയ കാറ്റഗറിക്ക് അനുസൃതമായി നിർദ്ദേശിച്ചിട്ടുള്ള ക്രമീകരണങ്ങൾ ഓഫീസ് അധികാരി നടപ്പിലാക്കേണ്ടതാണ്.

7. കേരള ഗവൺമെന്റ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന കോവിഡ് നിയന്ത്രണ നിർദേശങ്ങൾ കർശനമായും പാലിക്കുന്നുണ്ടെന്നു ഓഫീസ് മേധാവികൾ ഉറപ്പു വരുത്തേണ്ടതാണ് .

8. കേരള ഗവൺമെന്റ് ഏർപ്പെടുത്തിയിരിക്കുന്ന ശനി,ഞായർ ദിവസങ്ങളിലെ പൂർണ്ണ തോതിലുള്ള ലോക്ക് ഡൗൺ നിർദേശം KSEBL ന്റെ എല്ലാ ഓഫീസുകൾക്കും ബാധകമാണ്. ആയതിനാൽ ഇനി ഒരറിയിപ്പുണ്ടാകുന്നത് വരെ ശനിയാഴ്ചകളിൽ അവധി ദിനമായിരിക്കും.

Sd/-

**ചെയർമാൻ & മാനേജിങ്ങ്ഡയറക്ടർ**

എല്ലാ ഓഫീസ് മേധാവികൾക്കും.